**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1126** **06-02-2023 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിൽ കുടിവെള്ള സംഭരണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിലെ കുടിവെള്ള വിതരണത്തിനായി സംഭരണികൾ സ്ഥാപിക്കുന്നതിനുള്ള ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | **വർക്കല മണ്ഡലത്തിലെ കുടിവെള്ള വിതരണത്തിനായി സംഭരണികൾ സ്ഥാപിക്കുന്നതിനുള്ള ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.** |
| (ബി) | എങ്കിൽ പ്രസ്തുത ഭൂമി വാട്ടർ അതോറിറ്റിക്ക് വിട്ടുകിട്ടുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (ബി) | **8.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിനായി പള്ളിക്കൽ വില്ലേജിൽ 15 സെന്റ് സ്ഥലവും, 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിനായി നാവായിക്കുളം വില്ലേജിൽ 15 സെന്റ് സ്ഥലവും, 20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജല സംഭരണി നിർമ്മിക്കുന്നതിനായി കുടവൂർ വില്ലേജിൽ 10 സെന്റ് സ്ഥലവും ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും, സ്ഥലങ്ങൾ അനുവദിച്ചുകൊണ്ട് 07.07.2022ൽ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജലസംഭരണിയുടെ നിർമ്മാണത്തിനായി കുടവൂർ വില്ലേജിൽ അനുവദിച്ച ഭൂമി അളന്നു തിട്ടപ്പെടുത്തിയപ്പോൾ കുറവുള്ളതിനാൽ തൊട്ടടുത്തുള്ള സ്വകാര്യ ഭൂമികളിൽ നിന്നുകൂടി ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.** |

സെക്ഷൻ ഓഫീസർ